A

702

# സമഗ്ര ശിക്ഷാ, കേരളം
# പാദവാർഷിക മൂല്യനിർണയം 2022-23
## മലയാളം
## കേരള പാഠാവലി

ക്ലാസ് : 7

സമയം: 2 മണിക്കൂർ

**നിർദേശങ്ങൾ**

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസസമയമാണ്. ഈസമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസിലാക്കാനുള്ളതാണ്.
2. താഴെ കൊടുത്തിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ ഒന്നാമത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരം എഴുതണം. രണ്ടു മുതൽ ആറു വരെ പ്രവർത്തനങ്ങളിൽ നാല് പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയാൽ മതി.
3. ഉപചോദ്യങ്ങളുണ്ടെങ്കിൽ ചോദ്യ നമ്പറിനൊപ്പം എ, ബി എന്നിങ്ങനെ എഴുതണം.

---

**പ്രവർത്തനം 1 വായിക്കാം എഴുതാം**

താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

രാവിലെയായാൽ കിളികളുടെ ചിലയ്ക്കൽ കൊണ്ട് അന്തരീക്ഷം മുഖരിതമാകും. പുത്തനുണർവ് നല്കി കൊണ്ട് നമ്മെ കാത്തു നിൽക്കുന്ന പ്രകൃതിരമണീയമായ കാഴ്ചകൾ. കുളിച്ചു തോർത്തി നിൽക്കുന്ന നെൽവയലുകൾക്കപ്പുറം ഒരു കുളമുണ്ട്. അതിനടുത്തൊരു കുഞ്ഞു കുന്നും. സാമാന്യം വലിപ്പത്തിലുള്ള ഒരു മൺകൂന. അതിൽ നിറയെ വെള്ളാരം കല്ലുകളാണ്. അതു കൊണ്ട് പേരില്ലാ കുന്നിനൊരു പേരിട്ടു.' കുഞ്ഞൻ വെള്ളാരം കുന്ന്' വൈകുന്നേരങ്ങളിൽ ആ കുന്നിനുമുകളിൽ കേറിയിരുന്ന് ഇളം കാറ്റുകൊള്ളാൻ എന്ത് രസമാണെന്നോ? ഊടുവഴിയിലെ വേലിക്കരികിൽ വീണു കിടക്കുന്ന ചോരത്തുള്ളികൾ പോലുള്ള മഞ്ചാടിക്കുരുവും പാതികരിഞ്ഞ മേനികാട്ടി കിടക്കുന്ന കുന്നിക്കുരുവും പെറുക്കിയാണ് അവിടെ നിന്നും മടങ്ങുക. മുതിർന്നവരുടെ 'വാണിങ് ബെൽ' കേട്ടില്ലെങ്കിൽ മടങ്ങിപ്പോക്ക് മാനത്ത് ചുവപ്പ് പരക്കുമ്പോഴാകും.

എ) കുളിച്ചു തോർത്തി നിൽക്കുന്നത് ആരാണ്?
(അന്തരീക്ഷം, കുഞ്ഞുകുന്ന്, നെൽവയലുകൾ)

ബി) പേരില്ലാ കുന്നിന്റെ പേരെന്താണ്?
(കുഞ്ഞുകുന്ന്, കുഞ്ഞൻവെള്ളാരംകുന്ന്, മൺകൂന)

സി) വേലിക്കരികിൽ വീണു കിടക്കുന്ന ചോരത്തുള്ളികൾ എന്താണ്?
(മഞ്ചാടിക്കുരു, മുത്തുമണി, കുന്നിക്കുരു)

ഡി) കുട്ടികളുടെ മടങ്ങിപ്പോക്ക് എപ്പോഴാണ്?
(രാത്രിയിൽ, മാനത്ത് ചുവപ്പ് പരക്കുമ്പോൾ, ഉച്ചയ്ക്ക്)

ഇ) വൈകുന്നേരം എന്നതിന് സമാനപദം?
(സായാഹ്നം, നിശ, പ്രഭാതം)

**പ്രവർത്തനം 2**

കഥ പൂർത്തിയാക്കാമോ?

സിംല നൽകിയ വെള്ളാരംകല്ല് ശ്രദ്ധാപൂർവ്വം കോട്ടിന്റെ അകത്തെ പോക്കറ്റിൽ നിക്ഷേപിച്ചിട്ടു യാത്രികൻ പറഞ്ഞു. "മുന്നീ, നീ മിടുക്കിയാണ്. ദില്ലിയിലെത്തുമ്പോൾ ഞാനിതു ബായിക്ക് തീർച്ചയായും കൊടുക്കാം". നക്ഷത്രം പോലെ ജ്വലിച്ചു നിന്ന അവളുടെ കണ്ണുകൾ ചുവന്നു കലങ്ങി.

ബിക്രം സിങ്ങിന്റെ അച്ഛനും അമ്മയ്ക്കും സിംലയ്ക്കും നല്കിയ വാക്ക് യാത്രികന് പാലിക്കുവാൻ സാധിച്ചോ?

യാത്രികൻ ബിക്രം സിങ്ങിനെ കണ്ടെത്തിയോ?

വെള്ളാരം കല്ല് ഏല്പിക്കുവാൻ യാത്രികന് സാധിച്ചോ?

വെള്ളാരം കല്ല് കയ്യിൽ കിട്ടുമ്പോൾ ബിക്രം സിങ്ങിന്റെ ചിന്തകളെന്താവും?

എ) നിങ്ങളുടെ ഭാവനയ്ക്കനുസരിച്ച് കഥ പൂർത്തിയാക്കാമോ?

ബി)താഴെ കൊടുത്തിരിക്കുന്നവയിൽ കവി ആർ. രാമചന്ദ്രന്റെ കൃതിയേത്?

(അമർനാഥ് ഗുഹയിലേക്ക്, അജന്ത, ഹിമവാന്റെ മുകൾത്തട്ടിൽ)

**പ്രവർത്തനം 3**

**കൂടുകൾ (ആസ്വാദനക്കുറിപ്പ്)**

പ്രകൃതിയോടുള്ള അടങ്ങാത്ത സ്നേഹത്തിന്റെ ആഴം കൂടി വ്യക്തമാക്കുന്നതാണല്ലോ അടയ്ക്ക പെറുക്കുന്നവർ എന്ന കഥ. സഹജീവികളോടുള്ള സ്നേഹബന്ധത്തിന്റെ തീവ്രത വ്യക്തമാക്കുന്ന ഒരു കഥ കൂടി വായിച്ചു നോക്കൂ

അച്ഛൻ വീടിനു മുൻവശത്തെ ഗ്രില്ല് വലിച്ചടച്ച്, താഴിട്ടു പൂട്ടി. തിരിയുമ്പോൾ, സൺഷേഡിലെ ഹുക്കിൽ തൂക്കിയ കൂട്ടിലെ, സുന്ദരിത്തത്ത വല്ലാതെ ചിറകിട്ടടിച്ചു.അതു കണ്ട് അച്ഛൻ അതിനെ ശകാരിച്ചു: 'മിണ്ടാതെ, ഒതുങ്ങി കിടന്നോ അവിടെ....' അതും പറഞ്ഞ് അച്ഛൻ പോർച്ചിൽ നിർത്തിയിട്ട ബൈക്കിനടുത്തേക്ക് ചെന്നു. അപ്പോഴേക്കും, അച്ഛന്റേയും തന്റേയും ഓഫീസ് ബാഗുകളും തൂക്കി അമ്മ ഗേറ്റിനടുത്തേക്ക് നടന്നു. അച്ഛൻ ബൈക്കുമായി പുറത്തുകടന്നപ്പോൾ അമ്മ, ഗേറ്റ് വലിച്ചടച്ച് താഴിട്ടു പൂട്ടി. അപ്പോഴും, കൂട്ടിലെ തത്ത ചിറകടിച്ചു കരഞ്ഞു. അതൊന്നും, ശ്രദ്ധിക്കാതെ അമ്മ ബൈക്കിന്റെ പിന്നിൽ കയറി. രണ്ടു ബാഗുകളും മടിയിൽ വെച്ച് അമ്മ, അച്ഛനോട് ചേർന്നിരുന്ന് പോകുന്നത് തടവിലെ കണ്ണുകൾ ഇമചിമ്മാതെ നോക്കി നിന്നു. വൈകുന്നേരം, അച്ഛന്റെ ബൈക്ക് ഗേറ്റിൽ വന്നുനിൽക്കുന്ന ശബ്ദം കേട്ട് അതുവരെ കാത്തുകാത്തു തളർന്ന കണ്ണുകളിൽ തെളിച്ചമുണ്ടായി. അമ്മ കൈയിലെ ബാഗുകൾ താഴത്തുവെച്ച് ഗേറ്റിന്റെ പൂട്ടു തുറക്കുന്നത് കണ്ട് കൂട്ടിലെ കിളി ചിറകിളക്കി. അച്ഛൻ ബൈക്ക് പോർച്ചിൽ നിറുത്തി ഹാന്റ് ലോക്കിടുമ്പോഴേക്കും അമ്മ വീടിന്റെ ഗ്രില്ല് തുറന്നു. അതുവരെ അകത്തിരുന്ന് പഠിക്കുകയായിരുന്ന ചേച്ചിയും അനിയത്തിയും തിരക്കോടെ അമ്മയെ തള്ളിമാറ്റി പുറത്തേക്ക് ചാടി. 'എന്താടി ഇത്ര ധൃതി......' അമ്മ ശകാരിച്ചു. 'നമ്മുടെ സുന്ദരിക്ക് ഞങ്ങൾ ഉച്ചക്ക് എത്തിച്ചു കൊടുത്ത പേരക്കാ കഷ്ണം അവൾക്ക് കിട്ടാതെ താഴേക്ക് വീണു അമ്മേ, അവളിന്ന് ഉച്ചക്ക് പട്ടിണിയാ......' അനിയത്തിക്കുട്ടി സങ്കടത്തോടെ പറഞ്ഞു. മക്കളുടെ കിളിയോടുള്ള സ്നേഹം കണ്ട് ആ അമ്മയുടേയും അച്ഛന്റേയും കണ്ണുകൾ നിറഞ്ഞു.

(എം. കൃഷ്ണദാസ്)

എ) കഥ ഇഷ്ടമായോ? കഥാപാത്രങ്ങൾ ആരെല്ലാം? കഥയിൽ ഇഷ്ടപ്പെട്ട പ്രയോഗങ്ങൾ സന്ദർഭങ്ങൾ തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ചു കൊണ്ട് ഒരു ആസ്വാദനക്കുറിപ്പ് എഴുതുമല്ലോ?

ബി) അടയ്ക്കപെറുക്കുന്നവർ എന്ന കഥ രചിച്ചതാര്?

(ലളിതാംബിക അന്തർജ്ജനം, സന്തോഷ് എച്ചിക്കാനം, എസ്.കെ പൊറ്റെക്കാട്)

**പ്രവർത്തനം 4**

**വിശകലനക്കുറിപ്പ്**

എ)എങ്ങുനിന്നാവോ കണിക്കൊന്നയിൽ പെട്ടെന്നിളം മഞ്ഞനീർക്കുടങ്ങളായ് മൊട്ടുകൾ കുരുത്തതും പട്ടുപോലിതൾ വിരിഞ്ഞായിരത്തിരിയിട്ട ഭദ്രദീപങ്ങൾ മിന്നിതെളിഞ്ഞു പടർന്നതും?

(ലളിത ലെനിൻ)

വിഷുക്കാലമായാൽ മറ്റുള്ളവർക്കുവേണ്ടി പൂക്കുന്ന കണിക്കൊന്നയെക്കുറിച്ചുള്ള വരികളാണ് നാം വായിച്ചത്. കണികാണാൻ കാത്തിരിക്കുന്നവരുടെ ഗുണത്തിനാണല്ലോ കണിക്കൊന്ന പൂക്കുന്നത്. നമ്മുടെ ജീവിതം മറ്റുള്ളവർക്ക് കൂടി ഉപകാരപ്പെടുത്തുമ്പോഴാണല്ലോ 'പരോപകാരപ്രദമീ പ്രപഞ്ചം' എന്ന തത്വം അർത്ഥവത്താകുന്നത്.

എ)'പൂക്കാതിരിക്കാൻ എനിക്കാവതില്ലേ' എന്ന കവിതയെ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുമല്ലോ ?

www.educationobserver.com

ബി)തന്റെ പരിമിതിയായി കണിക്കൊന്ന കാണുന്നതെന്ത്?

(മൃദുശാഖകളാണ്, ഒരു നിറം മാത്രമേയുള്ളു, ചൂടു സഹിക്കാനാവാതെ ഇലകൾ പൊഴിയുന്നു.)

**പ്രവർത്തനം 5**

**വാങ്മയ ചിത്രം തയാറാക്കാം**

'കൈയെത്താദൂരത്ത്' എന്ന പാഠഭാഗത്തിൽ ലളിതാംബിക അന്തർജ്ജനം ശ്രീനാരായണഗുരുവിനെ വാക്കുകൾ കൊണ്ട് വരച്ചിരിക്കുന്നത് നോക്കൂ.

'ഒരറ്റത്തിട്ടിരുന്ന ബെഞ്ചിൽ സാധാരണ വസ്ത്രം ധരിച്ച്, സാധാരണതോർത്ത് പുതച്ച്, സാധാരണ ശരീര വടിവിൽ, അറുപതോ എഴുപതോ വയസ്സായിരിക്കുന്ന ഒരു മാന്യ വൃദ്ധൻ ഇരിക്കുന്നു'.



എ)മുകളിലെ ചിത്രം കണ്ടില്ലേ. കുട്ടികളുടെ പ്രിയ കവിയാണ് കുഞ്ഞുണ്ണിമാഷ്. അദ്ദേഹത്തിന്റെ ഒരു വാങ്മയ ചിത്രം തയാറാക്കുമല്ലോ.

ബി) <u>രമ്യ</u>ഭൂഭാഗ ഭംഗികൾ മയക്കും ആരെയും. അടിയിൽ വരയിട്ട പദത്തിന് പകരം പദം കണ്ടെത്തൂ.

(മനോഹരം, അതിര്, ആകാശം)

പ്രവർത്തനം 6

ജീവചരിത്രക്കുറിപ്പ്



തിരുവനന്തപുരം ജില്ലയിലെ കായിക്കരയിൽ ജനനം

1924 ജനുവരി 16 ന് പല്ലനയാറ്റിൽ വച്ചുണ്ടായ ബോട്ടപകടത്തിൽ മരണം

സ്നേഹഗായകൻ

ആധുനിക കവിത്രയം

ശ്രീനാരായണഗുരുവിന്റെ അരുമ ശിഷ്യൻ

1873 ഏപ്രിൽ 12 ന് ജനനം

കൃതികൾ : വീണപൂവ്, നളിനി, ലീല, ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി

മഹാകാവ്യം എഴുതാതെ മഹാകവി ആയ വ്യക്തി.

എ)സൂചനകൾ പ്രയോജനപ്പെടുത്തി ആശാന്റെ ജീവചരിത്രക്കുറിപ്പ് തയാറാക്കുമല്ലോ? തലക്കെട്ട് കൊടുക്കാൻ മറക്കരുതേ.

ബി) മാതൃകപോലെ പൂരിപ്പിക്കുക

പല്ലവപുടം - പല്ലവത്തിന്റെ പുടം

ജലധാര -

www.educationobserver.com